

തൃക്കാക്കര ഭാരതമാത കോളജ് ഇംഗ്ലിഷ് വിഭാഗം സംഘടിപ്പിച്ച 'ക്രിസാലിസ്' ഇന്റർ കോളജീയറ്റ് മേളയിൽ ജേതാക്കളായ തേവര എസ്എച്ച് കോളജ് ടീമിന് ഭാരതമാത കോളജ് മാനേജർ ഫാ.ഡോ.എബ്രഹാം ഒലിയപ്പുറവും പ്രിൻസിപ്പൽ ഡോ.കെ.എം.ജോൺസണും ചേർന്നു ട്രോഫി സമ്മാനിക്കുന്നു

# 'ക്രിസാലിസ്'; തേവര കോളജ് ജേതാക്കൾ

**കാക്കനാട്** ● തൃക്കാക്കര ഭാരതമാത കോളജ് ഇംഗ്ലിഷ് വിഭാഗം സംഘടിപ്പിച്ച 'ക്രിസാലിസ്' ഇന്റർ കൊളീജിയറ്റ് കലാ സാഹിത്യ മേളയിൽ തേവര എസ്എച്ച് കോളജ് ജേതാക്കളായി.

എറണാകുളം സെന്റ് ആൽബർട്ട്സ് കോളജിനാണ് രണ്ടാം സ്ഥാനം. ഭാരതമാത കോളജ് മാനേജർ ഫാ.ഡോ.എബ്രഹാം ഒലിയപ്പുറവും പ്രിൻസിപ്പൽ ഡോ.കെ.എം. ജോൺസണും ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു. വൈസ് പ്രിൻസിപ്പൽമാരായ ലിസി കാച്ചപ്പിള്ളി, ബിനി റാണി ജോസ്, ഇംഗ്ലിഷ് വിഭാഗം മുൻ മേധാവി ഡോ.ലാലി മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.